(ഡി) ഇവയിൽ എത്ര ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഇ) ഒന്നാം ഘട്ടത്തിൽ എത്ര പേർക്കാണ് നിയമനം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിവരം പി. എസ്. സി. ഔദ്യോഗികമായി അറിയിയ്ക്കാറില്ല.

(സി&ഡി) 100 ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ കണക്കാക്കി വരുന്നു

(ഇ) ഒന്നാംഘട്ടത്തിൽ 100 പേർക്ക് (അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക്) നിയമനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

കേരളാ വാട്ടർ അതോറിറ്റിയിലേക്കുള്ള നിയമനം

101 (993) ഡോ. തോമസ് ഐസക് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വാട്ടർ അതോറിറ്റിയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച ചട്ടങ്ങളിൽ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) പി. എസ്. സി. മുഖേന അല്ലാതെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് വാട്ടർ അതോറിറ്റിയിൽ നിയമനങ്ങൾ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരെ പമ്പ് ഓപ്പറേറ്റർമാരായി വാട്ടർ അതോറിറ്റി നിയമിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) പമ്പ് ഓപ്പറേറ്റർ നിയമനം സംബന്ധിച്ച കേരള ഹൈക്കോടതി പ്രസ്താവിച്ച വിധി എന്തായിരുന്നു എന്ന് വിശദമാക്കാമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ അതോറിറ്റിയിൽ നടന്ന സ്ഥിരവും താൽക്കാലികവുമായ നിയമനങ്ങൾ എത്ര ; ഇതിൽ പി. എസ്. സി. വഴി നടത്തിയത് എത്ര ; റിട്ടയർ ചെയ്തതിനുശേഷവും സർവ്വീസിൽ തുടരുന്നവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളാ വാട്ടർ അതോറിറ്റി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും, ടെക്നിക്കൽ വിഭാഗം ജീവനക്കാർക്കും ബാധകമാകുന്ന സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിക്കാൻ ഉദ്ദേശമുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പമ്പ് ഓപ്പറേറ്റർ നിയമനം സംബന്ധിച്ച് കേരളാ ഹൈക്കോടതി പ്രസ്താവിച്ച വിധി "പമ്പ് ഓപ്പറേറ്റർമാരുടെ കേരളാ വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ പി. എസ്. സി. മുഖേനയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ നികത്തണം എന്നാണ്.

(ഇ) പി. എസ്. സി. വഴി സ്ഥിരമായി നിയമിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

ഡ്രൈവർ	–	51
സാനിട്ടറി കെമിസ്റ്റ്	–	6
മെക്കാനിക്ക്	–	7
ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II	–	150
അസിസ്റ്റന്റ് എഞ്ചിനീയർ	–	144
എൽ. ഡി. ക്ലാർക്ക്	–	10
എൽ. ഡി. ടൈപ്പിസ്റ്റ്	–	17
വാച്ച്മാൻ	–	5
പ്യൂൺ	–	3
ആകെ		393

താൽക്കാലികമായി നിയമനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. റിട്ടയർ ചെയ്തതിനുശേഷം ശ്രീ. ആർ. രാമാനുജത്തിന് മാനേജിംഗ് ഡയറക്ടറായി ജൂൺ 30 വരെ പുനർ നിയമനം നൽകിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിലേയ്ക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് വഴി നിയമനം

102 (994) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിലേയ്ക്കുള്ള നിയമനത്തിന് പി. എസ്. സി. ഏതെല്ലാം തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly